# കെ.എസ്.എഫ്.ഇ
# സ്റ്റാഫ് അസ്സോസിയേഷൻ (സി.ഐ.ടി.യു)
# സംസ്ഥാന നേതൃത്വ കൺവെൻഷൻ

## 2014 മാർച്ച് 16

## എറണാകുളം

**സംഘടനയുടെ സംസ്ഥാന കമ്മിറ്റി അംഗങ്ങളും ജില്ലാ ഭാരവാഹികളും വനിതാ സബ് കമ്മിറ്റി അംഗങ്ങളും പങ്കെടുക്കുന്നു.**

ഉത്ഘാടനം : **സ: എ. കെ. ബാലൻ** എം.എൽ.എ

(പ്രസിഡന്റ് KSFESA CITU)

**വായിക്കുക..... വരിക്കാരാവുക**

**ദേശാഭിമാനി ദിനപത്രം**

KSFESA CITU

# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

Reg. No. 181/71, Kottappuram Road, Thrissur - 4, Ph : 0487-2384321
(Affiliated to C.I.T.U R.No.K.1128)
E-mail : ksfesacitu@yahoo.co.in  Web : www.ksfesa.com

President
A.K.Balan MLA
Mob : 9846361111

General Secretary
S.Muraleekrishnapillai
Mob : 9446538432

സർക്കുലർ : 7/2014 തീയതി : 20-02-2014

**ഓഫീസ് അറ്റൻഡന്റ് ജീവനക്കാരുടെ പ്രമോഷൻ സംബന്ധമായി നമ്മുടെ സംഘടന ബഹു: കെ.എസ്.എഫ്.ഇ ചെയർമാന് 20-02-2014ന് നൽകിയ നിവേദനത്തിന്റെ പൂർണ്ണരൂപം.**

ശ്രീ. പി. ടി. ജോസ്
ബഹു. ചെയർമാൻ
കെ. എസ്. എഫ്. ഇ. ലിമിറ്റഡ്
തൃശൂർ

സർ,

വിഷയം : ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനുള്ള റാങ്ക് ലിസ്റ്റിലെ 26 പേരെയും പ്രമോട്ട് ചെയ്യുക, സൂചന (7) പ്രകാരമുള്ള സർക്കാർ ഉത്തരവ് KSFE യിലും നടപ്പാക്കുക എന്നീ ആവശ്യങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച്.

സൂചന :

1. 24 /09/2013-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 162/13/TD
2. 11/10/2013-ന് ഞങ്ങളുടെ സംഘടന ബഹു. മാനേജിംഗ് ഡയറക്ടർക്ക് നൽകിയ കത്ത്
3. 14/05/2013-ലെ പി.എസ്.സി വിജ്ഞാപനം 153/2010 (തസ്തിക മാറ്റം വഴിയുള്ള നിയമനം)
4. സൂചന (1)ലെ സർക്കാർ ഉത്തരവിന് അനുരോധമായി സർക്കാർ KSFE മാനേജ്മെന്റിന് നൽകിയ വിശദീകരണ കത്ത്.
5. 09/07/2013-ലെ പി.എസ്.സി വിജ്ഞാപനം 151/13 (തസ്തിക മാറ്റം വഴിയുള്ള നിയമനം)
6. 05/04/2010-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 12/10 (ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്.
7. 03/01/2014-ലെ സർക്കാർ ഉത്തരവ് (പി) നം. 1/14 (ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്.
8. 10/02/2014-ന് ഞങ്ങളുടെ സംഘടന വാണിജ്യനികതി വകുപ്പ് സെക്രട്ടറിക്ക് നൽകിയ കത്ത്
9. 15/06/2013 -ലെ സർക്കാർ ഉത്തരവ് നം. 10885/ഉപസി. 3/2013/ഉ.ഭ.പ.വ

KSFE യിലെ അടിസ്ഥാനവിഭാഗം ജീവനക്കാരുടെ ചുവടെ കൊടുക്കുന്ന പ്രശ്നങ്ങൾ, താങ്കളുടെ അടിയന്തിരമായ പരിഗണനയ്ക്കും അനുഭാവപൂർണമായ തീരുമാനത്തിനുമായി സമർപ്പിക്കുന്നു.

സൂചന (1) പ്രകാരം KSFE യിലെ ഓഫീസ് അറ്റൻഡന്റ്മാരുടെ പ്രമോഷൻ അനുപാതം 5% ത്തിൽ

നിന്നും 10% ആയി ഉയർത്തിയിരുന്നുവല്ലോ. KSFE യിലെ ഓഫീസ് അറ്റൻഡന്റ്മാരുടെയും ഞങ്ങളുടെ സംഘടനയുടെയും ദീർഘകാല ആവശ്യമാണ് പ്രസ്തുത സർക്കാർ ഉത്തരവിലൂടെ നടപ്പായത്. എന്നാൽ ഓഫീസ് അറ്റൻഡന്റ്മാരുടെ താത്പര്യത്തിന് വിരുദ്ധമായുള്ള വ്യവസ്ഥ പ്രസ്തുത ഉത്തരവിൽ കടന്നുകൂടിയിരിക്കുന്നു. കമ്പ്യൂട്ടർ യോഗ്യത നിർബന്ധമാക്കികൊണ്ട് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്താൽ മാത്രമേ 10% സംവരണം KSFE ജീവനക്കാർക്ക് ലഭിക്കുകയുള്ളു എന്നതാണ് വ്യവസ്ഥ. 90% വരുന്ന പൊതുവിഭാഗം നിയമനത്തിന് കമ്പ്യൂട്ടർ യോഗ്യത ആവശ്യമില്ലെന്നിരിക്കെ, തസ്തികമാറ്റം വഴിയുള്ള 10% സംവരണം നിയമനത്തിന് മാത്രം കമ്പ്യൂട്ടർ യോഗ്യത നിർബന്ധമാക്കുന്ന ഉത്തരവിലെ വ്യവസ്ഥ സാമൂഹ്യനീതിയുടെ ലംഘനമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ? ആയതിനാൽ ബഹുമാനപ്പെട്ട കേരളാ സർക്കാരിനെയും ബഹുമാനപ്പെട്ട പബ്ലിക് സർവീസ് കമ്മീഷനെയും വസ്തുതകൾ ബോധ്യപ്പെടുത്തി കമ്പ്യൂട്ടർ യോഗ്യതയും സ്പെഷൽ റൂൾ ഭേദഗതിയും ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സൂചന പ്രകാരം 11/10/2013-ന് മാനേജിംഗ് ഡയറക്ടർ ശ്രീ.പി.രാജേന്ദ്രന് ഞങ്ങളുടെ സംഘടന കത്ത് നൽകുകയുണ്ടായി. സി.ഐ.ടി.യു സംസ്ഥാന പ്രസിഡന്റ് ശ്രീ.ആനത്തലവട്ടം ആനന്ദൻ എക്സ് എം.എൽ.എ KSFE ഹെഡ്ഡാഫീസിൽ എത്തിയാണ് KSFE ജീവനക്കാർക്കായി പ്രസ്തുത കത്ത് നൽകിയത്.

ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാരെല്ലാം തന്നെ വളരെക്കാലമായി നമ്മുടെ സ്ഥാപനത്തിൽ പണിയെടുക്കുന്നവരും BAS ഉൾപ്പടെയുള്ള കമ്പ്യൂട്ടർവത്കൃത പ്രവർത്തനങ്ങളിൽ നല്ല അറിവും പരിചയവും ഉള്ളവരുമാണ്. നമ്മുടെ സ്ഥാപനത്തിന്റെ തനതായ തൊഴിൽ സംസ്കാരം ഉൾക്കൊണ്ട ഇവർക്ക് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ ഗുണകരമായ സംഭാവന നൽകാൻ ശേഷിയുള്ളവരുമാണ്.

KSFE യിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് സൂചന (3) പ്രകാരം 2010-ൽ അപേക്ഷ ക്ഷണിച്ചതിന്റെയടിസ്ഥാനത്തിൽ, 27/04/2011-ന് നടന്ന പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് 16/04/2012-നാണ്. 116 പേരുണ്ടായിരുന്ന റാങ്ക് ലിസ്റ്റിൽ ഇനി 26 പേർ ബാക്കിയുണ്ട്. മേൽ തസ്തികയിൽ പരീക്ഷ ക്ഷണിക്കുമ്പോഴോ, പരീക്ഷ നടത്തുമ്പോഴോ, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോഴോ, ഒന്നും തന്നെ കമ്പ്യൂട്ടർ യോഗ്യത വേണമെന്ന് ബഹു. പബ്ലിക് സർവീസ് കമ്മീഷൻ ആവശ്യപ്പെട്ടിരുന്നില്ല. അതുകൊണ്ട് ഈ ലിസ്റ്റിൽ നിന്നും പ്രമോഷൻ നേടിയ 90 പേർക്കും കമ്പ്യൂട്ടർ യോഗ്യത ആവശ്യമായിരുന്നില്ല. എന്നാൽ ലിസ്റ്റിൽ ബാക്കിയുള്ള 26 പേർ കമ്പ്യൂട്ടർ യോഗ്യത നേടണമെന്നും അതിന് സ്പെഷൽ റൂൾ ഭേദഗതി ചെയ്യണമെന്നും ആവശ്യപ്പെടുന്നത് സാമാന്യയുക്തിക്ക് നിരക്കാത്തതും ഇരട്ടനീതിയുമാണ്. ഈ വിഷയങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഞങ്ങളുടെ സംഘടന ബഹു. വാണിജ്യ നികുതി സെക്രട്ടറിക്ക് 10/02/2014 ൽ സൂചന (8) പ്രകാരം നൽകിയ കത്തും ഇതോടൊപ്പം വയ്ക്കുന്നു.
പ്രശ്നത്തിന്റെ സങ്കീർണത ഇവിടെയും അവസാനിക്കുന്നില്ല. കമ്പ്യൂട്ടർ യോഗ്യത നിർബന്ധമാക്കി സ്പെഷൽ റൂൾ ഭേദഗതി ചെയ്തതിനുശേഷമുള്ള PSC വിജ്ഞാപനങ്ങൾക്ക് മാത്രമേ 10% നിരക്കിൽ പ്രമോഷൻ അനുപാതം നിലവിൽ വരികയുള്ളുയെന്ന് വിശദമാക്കിക്കൊണ്ട് സൂചന (4) പ്രകാരം സർക്കാർ ഒരു വിശദീകരണ കത്ത് KSFEക്ക് നൽകിയിട്ടുണ്ട്. ഇതുമൂലം സൂചന (5) പ്രകാരം ബഹു. പബ്ലിക് സർവീസ് കമ്മീഷൻ ക്ഷണിച്ചിട്ടുള്ള തസ്തികമാറ്റം വഴിയുള്ള നിയമനത്തിനുള്ള പ്രമോഷൻ പരീക്ഷയിൽ യോഗ്യത നേടുന്നവർക്കും 5% നിരക്കിൽ മാത്രമേ പ്രമോഷൻ ലഭിക്കുകയുള്ളൂ. അതായത് വരാൻ പോകുന്ന 5 വർഷത്തേയ്ക്കെങ്കിലും KSFE യിലെ ഓഫീസ് അറ്റൻഡന്റ്മാരുടെ പ്രമോഷൻ അനുപാതം 5% മാത്രമായി നിജപ്പെടുത്തുന്ന സ്ഥിതിയാണ് സൂചന (1)ലെ സർക്കാർ ഉത്തരവിലൂടെയും സൂചന (4)ലെ വിശദീകരണ കത്ത് മുഖേനയും സംജാതമായിരിക്കുന്നത്. നമ്മുടെ സ്ഥാപനം Online ആയി മാറുന്നു, അതോടൊപ്പം പൊതുവിഭാഗം നിയമനം ചുരുങ്ങുകയും ചെയ്യുന്ന സാഹചര്യം കൂടി പരിശോധിച്ചാൽ, നമ്മുടെ സ്ഥാപനത്തിലെ ഓഫീസ് അറ്റൻഡന്റ്മാരുടെ പ്രമോഷൻ പ്രതീക്ഷകൾ ആകെ ഇരുളടയും.

എന്നാൽ ഇക്കാലയളവിൽ സർക്കാർ ജീവനക്കാരുടെ മേഖലയിൽ ഓഫീസ് അറ്റൻഡന്റ്മാരുടെ പ്രമോഷൻ അനുപാതം സൂചന (6) പ്രകാരം 5% ൽ നിന്നും 10% ആയി ഉയർത്തി നൽകുകയുണ്ടായി. കൂടാതെ സൂചന (7) പ്രകാരം സീനിയോറിറ്റിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ, പ്രമോഷൻ ടെസ്റ്റ് പോലും ഒഴിവാക്കിക്കൊണ്ട്, സൂചന (6) പ്രകാരമുള്ള 10%-ന് പുറമേ തൊട്ടടുത്ത ഉയർന്ന തസ്തികയിലെ 10% ഒഴിവുകൾ കൂടി ഓഫീസ് അറ്റൻഡന്റ്മാർക്ക് സംവരണം ചെയ്തിരിക്കുകയാണ്. ഫലത്തിൽ തൊട്ടടുത്ത ഉയർന്ന തസ്തികയിലെ 20% ഒഴിവുകൾ തസ്തികമാറ്റം വഴി ഓഫീസ് അറ്റൻഡന്റ്മാർക്ക് സംവരണം ചെയ്ത് സർക്കാർ ജീവനക്കാരുടെ മേഖലയിൽ നടപ്പാക്കിയിരിക്കുകയാണ്. ബഹു. പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം മറികടന്നാണ് ഈ ആനുകൂല്യം നടപ്പാക്കിയിരിക്കുന്നത്. സൂചന (7) പ്രകാരമുള്ള സർക്കാർ ഉത്തരവ് KSEB യിലും നടപ്പാക്കാൻ KSEB മാനേജ്മന്റ് തത്വത്തിൽ അംഗീകാരം നൽകി കഴിഞ്ഞ സാഹചര്യവും ബഹു. KSFE ചെയർമാൻ മുമ്പാകെ ഞങ്ങൾ അറിയിക്കുകയാണ്.
മുകളിൽ സൂചിപ്പിച്ച വസ്തുനിഷ്ഠ സാഹചര്യങ്ങളുടെയടിസ്ഥാനത്തിൽ, താഴെ കൊടുക്കുന്ന ആവശ്യങ്ങൾ ഈ നിവേദനം മുഖേന ഞങ്ങൾ ശക്തമായി ഉയർത്തുകയാണ്.

1. സൂചന (9) പ്രകാരം 2014 ഡിസംബർ വരെയുള്ള പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ PSC യ്ക്ക് റിപ്പോർട്ട് ചെയ്യാൻ KSFE മാനേജ്മെന്റ് നിയമപരമായി ബാധ്യസ്ഥമാണ്. ആകയാൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് 2014 ഡിസംബർ വരെയുള്ള പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ PSC യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

2. ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ 1000 ത്തിലധികം ഒഴിവുകളാണുള്ളത്. PSC ലിസ്റ്റില്ലാത്തതിനാൽ ഈ ഒഴിവുകൾ നികത്താൻ തത്ക്കാലം നിർവാഹമില്ല. എന്നാൽ തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് അർഹതനേടിയ 26 പേരുടെ റാങ്ക് ലിസ്റ്റ് നിലനിൽക്കുന്നു. ആയതിനാൽ 26 പേരെയും ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് പ്രമോട്ട് ചെയ്ത് നിയമിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. നിരവധി തവണ ഈ രീതിയിൽ പ്രമോഷൻ നൽകിയ കീഴ്വഴക്കം നമ്മുടെ സ്ഥാപനത്തിനുണ്ട്. റാങ്ക് ലിസ്റ്റിലെ 26 പേർക്കും ഉടനടി പ്രമോഷൻ നൽകി, കഴിഞ്ഞ 8 വർഷക്കാലമായി നമ്മുടെ സ്ഥാപനത്തിൽ പണിയെടുക്കുന്ന ജീവനക്കാർക്ക് നീതി ഉറപ്പാക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

3. സൂചന (7) പ്രകാരം സീനിയോറിറ്റിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയ 10% തസ്തികമാറ്റം വഴിയുള്ള സംവരണം നമ്മുടെ സ്ഥാപനത്തിലെ ഓഫീസ് അറ്റൻഡന്റ്മാരുടെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും നടപ്പാക്കണമെന്ന് ഞങ്ങൾ ശക്തിയായി ആവശ്യപ്പെടുന്നു.

4. വരുന്ന 5 വർഷത്തേയ്ക്കെങ്കിലും പൊതുവിഭാഗത്തിൽ നിന്നും PSC വഴി നിയമിക്കപ്പെടുന്ന ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാർക്ക് കമ്പ്യൂട്ടർ യോഗ്യത നിർബന്ധമല്ലാത്ത സാഹചര്യമാണുള്ളത്. അതിനാൽ ജൂനിയർ അസിസ്റ്റന്റ് നിയമനത്തിന് PGDCA യും തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് DCA യും ബാധകമാക്കികൊണ്ട് KSFE മാനേജ്മെന്റ് PSC യ്ക്ക് നൽകിയ കത്ത് പിൻവലിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

സർക്കാർ ജീവനക്കാരുടെ മേഖലയിലും മറ്റ് പൊതുമേഖല സ്ഥാപനങ്ങളിലും നിലനിൽക്കുന്ന സാമൂഹ്യനീതി KSFE യിലും ഉറപ്പുവരുത്തണമെന്നുള്ളത് മാത്രമാണ് ഞങ്ങളുടെ നിവേദനത്തിന്റെ രത്നചുരുക്കം. മിതവും ന്യായവുമായ മേൽ സൂചിപ്പിച്ച ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുമെന്നുള്ള ശുഭ പ്രതീക്ഷയോടെ

**എസ്.മുരളികൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി
KSFE സ്റ്റാഫ് അസ്സോസിയേഷൻ (CITU)

NB: സൂചനയിൽ കൊടുത്തിട്ടുള്ള സർക്കാർ ഉത്തരവുകളുടെയും ഞങ്ങളുടെ സംഘടന നൽകിയിട്ടുള്ള നിവേദനങ്ങളുടെയും പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.